**No. CEE/5354/PGM-2019/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## പത്രക്കുറിപ്പ്

## പി.ജി മെഡിക്കൽ കോഴ്സ് പ്രവേശനം – 2019 ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായുള്ള പുതുക്കിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

പി.ജി മെഡിക്കൽ കോഴ്സ് പ്രവേശനത്തിനായുള്ള നീറ്റ് പി.ജി – 2019 പ്രവേശനപ്പരീക്ഷയിലെ യോഗ്യതാ മാനദണ്ഡത്തിൽ കേന്ദ്രസർക്കാർ ഇളവ് വരുത്തിയതിനെ തുടർന്ന് പുതുതായി യോഗ്യത നേടിയ അപേക്ഷകരെ കൂടി ഉൾപ്പെടുത്തി പരിഷ്ക്കരിച്ച സംസ്ഥാന റാങ്ക് ലിസ്റ്റ് www.cee.kerala.gov.in, www.cee.kerala.org എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. സംസ്ഥാനത്തെ പി.ജി. മെഡിക്കൽ പ്രവേശനത്തനായി 06.05.2019–ന് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ മോപ്പ്–അപ്പ് കൗൺസലിംഗിന് ശേഷം സർക്കാർ/സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിലേയ്ക്ക് പുതുക്കിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പ്രവേശനം തേടാവുന്നതാണ്. ഒഴിഞ്ഞു കിടക്കുന്ന സീറ്റുകൾ സംബന്ധിച്ച വിവരം മേൽ വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഈ സീറ്റുകളിൽ പ്രവേശനത്തിന് താല്പര്യമുള്ള അപേക്ഷകർ ബന്ധപ്പെട്ട കോളേജുകളെ സമീപിച്ച് **18.05.2019 വൈകുന്നേരം 5 മണിയ്ക്കു** മുൻപായി പ്രവേശനം നേടേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
15.05.2019